## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 175** **13.06.2019 – ൽ മറുപടിക്ക്.**

### ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം

ചോദ്യം

**ശ്രീ.മുരളി പെരുനെല്ലി**
**,, കെ.സുരേഷ് കുറുപ്പ്**
**,, എ. എൻ. ഷംസീർ**
**,, കെ.ഡി. പ്രസേനൻ :**

മറുപടി

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം കർശനമായി നടപ്പിലാക്കിയതുമൂലം സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തിൽ വന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയത് മൂലം പൊതുവിതരണ സമ്പ്രദായത്തിൽ വന്ന മാറ്റങ്ങൾ താഴെപ്പറയുന്നവയാണ്.

1. റേഷൻ കാർഡുടമകൾക്ക് അർഹമായ റേഷൻ കൃത്യമായ അളവിൽ വിതരണം ചെയ്യുന്നു.
2. പൊതുവിതരണരംഗം അഴിമതി മുക്തമാക്കുന്നതിന് സാധിച്ചു.
3. സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിച്ച് റേഷൻ വിതരണം ആരംഭിച്ചു.
4. റേഷൻ കാർഡിലെ അംഗങ്ങളുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ച് ആതന്റിക്കേറ്റ് ചെയ്ത് യഥാർത്ഥ ഗുണഭോക്താവിനു തന്നെ റേഷൻ ലഭിക്കുന്നു എന്നുറപ്പാക്കുന്നു.
5. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തത്സമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കും.
6. റേഷൻ കാർഡുകൾ കിട്ടുന്നതിന് ഓൺലൈനായി അപേക്ഷിക്കാവുന്ന സംവിധാനം നിലവിൽ വന്നു.
7. സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും വാതിൽപ്പടി വിതരണത്തിലൂടെ റേഷൻ സാധനങ്ങൾ നേരിട്ടെത്തിക്കുന്നു.
8. വാതിൽപ്പടി വിതരണം നിരീക്ഷിക്കുന്നതിന് സപ്ലൈ ചെയിൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ ഉപയോഗിച്ചുവരുന്നു.
9. ഗുണഭോക്താക്കൾക്ക് റേഷൻ വിഹിതം സംബന്ധിച്ച് എസ്.എം.എസ് സന്ദേശം നൽകിവരുന്നു.
10. മൊബൈൽ ആപ്പ് വഴി റേഷൻ കാർഡ് വിവരങ്ങളും റേഷൻ സാധനങ്ങളുടെ വിവരങ്ങളും ലഭ്യമാക്കുന്നു.
11. ഡിജിലോക്കർ സംവിധാനത്തിൽ റേഷൻ കാർഡുകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.
12. റേഷൻ കടകൾ വൈവിദ്ധ്യവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

13. റേഷൻ വ്യാപാരികൾക്ക് 01.12.2018 മുതൽ പുതിയ കമ്മീഷൻ പാക്കേജ് നടപ്പിലാക്കി ഇ-പോസ് മെഷീൻ ത്രാസുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

14. സംസ്ഥാനത്തെ ഏതു റേഷൻ കടയിൽ നിന്നും റേഷൻ വാങ്ങാവുന്ന സംവിധാനം (പോർട്ടബിലിറ്റി) നിലവിൽ വന്നിട്ടുണ്ട്.

കൂടാതെ ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന രീതിയിലുള്ള സംസ്ഥാന, ജില്ലാ, താലൂക്ക്, റേഷൻകട തല വിജിലൻസ് കമ്മിറ്റികൾ, സ്വതന്ത്ര ചുമതല ഉള്ള സംസ്ഥാന ഭക്ഷ്യ കമ്മീഷൻ എന്നിവ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളുടെ അവലോകനം ചെയ്യുന്നതിനുള്ള സോഷ്യൽ ആഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് റിപ്പോർട്ട് ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് 2019 ജൂണിൽ സമർപ്പിക്കുന്ന മുറയ്ക്ക് സംസ്ഥാനമൊട്ടാകെ സോഷ്യൽ ആഡിറ്റ് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

കൂടാതെ ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനുള്ള മോണിറ്ററിംഗ് ഇൻസ്റ്റിറ്റ്യൂഷനായി കേരള യൂണിവേഴ്സിറ്റിയെ കേന്ദ്രസർക്കാർ നിയമിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാർ പൊതുവിതരണ സമ്പ്രദായം വഴിയുള്ള പഞ്ചസാര വിതരണം നിർത്തലാക്കിയതും മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ചതും സംസ്ഥാനത്തെ ഉപഭോക്താക്കളെ ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) 2016-2017 സാമ്പത്തിക വർഷം വരെ കേന്ദ്രത്തിൽ നിന്ന് പ്രതിമാസം 4103 MT പഞ്ചസാരയാണ് സബ്സിഡി ലഭ്യമായത്. ഇത് ഉപയോഗിച്ച് നിലവിലുണ്ടായിരുന്ന എ.എ.വൈ / മുൻഗണനാ വിഭാഗങ്ങൾക്ക് പഞ്ചസാര വിതരണം നടത്തിയിരുന്നു. എന്നാൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിൽ വന്നതോടുകൂടി പഞ്ചസാരയുള്ള സബ്സിഡി എ.എ.വൈ വിഭാഗത്തിന് മാത്രമായി പരിമിതപ്പെടുത്തുകയും എ.എ.വൈ വിഭാഗത്തിന് പ്രതിമാസം കാർഡൊന്നിന് 21/- രൂപ / കിലോഗ്രാം നിരക്കിൽ വിതരണം നടത്തിവരുകയും ചെയ്യുന്നു. 595.8 MT പഞ്ചസാരയാണ് നിലവിൽ സബ്സിഡി ലഭ്യമാകുന്നത്.

2016-2017 സാമ്പത്തിക വർഷത്തിന്റെ ആദ്യ 2 പാദങ്ങളിൽ യഥാക്രമം 27960 KL, 26568 KL എന്ന അളവിലാണ് മണ്ണെണ്ണ ലഭ്യമായത്. 3,4 പാദങ്ങളിൽ 16908 KL വീതവും 2017-2018 സാമ്പത്തിക വർഷത്തിൽ ആദ്യ 2 പാദങ്ങളിൽ 15456 KL വീതവും തുടർന്ന് 13908 KL വീതവുമാണ് ലഭ്യമായിക്കൊണ്ടിരിക്കുന്നത്. മണ്ണെണ്ണ വിഹിതം കുറഞ്ഞത്

അനുസരിച്ച് വൈദ്യുതീകരിച്ച കാർഡുകളുടെ പ്രതിമാസ വിഹിതം 1/2 ലിറ്ററായി കുറയുകയും വൈദ്യുതീകരിക്കാത്ത കാർഡുകളുടെ വിഹിതം മാറ്റമില്ലാതെ (4 ലിറ്റർ/കാർഡ്) തുടരുകയും ചെയ്യുന്നു. മണ്ണെണ്ണയുടെ നീക്കി ബാക്കി വഴി ലഭ്യതയുണ്ടാകുന്നത് അനുസരിച്ച് വൈദ്യുതീകരിച്ച കാർഡുകൾക്ക് 1 ലിറ്റർ നിരക്കിലും വിതരണം നടത്തുന്നുണ്ട്.

(സി) ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നതിനായി ആധുനികരീതിയിലുള്ള ഗോഡൗണുകളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

(സി) സപ്ലൈകോയിൽ ഭക്ഷ്യ ധാന്യങ്ങൾ സംഭരിക്കുന്നതിനായി ആധുനിക രീതിയിലുള്ള ഗോഡൗണുകളുടെ നിർമ്മാണം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗോഡൗൺ | നിലവിലെ സ്ഥിതി |
|---|---|
| വലിയതുറ - 3 | കെട്ടിടത്തിന്റെ കോൺക്രീറ്റ്, ബ്രിക്ക്, ടെസ് വർക്ക്സ്, ഫ്ലോറിംഗ് എന്നിവ പൂർത്തീകരിച്ചു. ഷീറ്റിടൽ, റോളിംഗ് ഷട്ടർ, ഓഫീസിന്റെ പ്ലംബിംഗ്, ഇലക്ട്രിക് വർക്കുകൾ എന്നീ പ്രവർത്തികൾ അന്തിമ ഘട്ടത്തിലാണ്. |
| കൊല്ലം | ടോപോഗ്രഫി, സോയിൽ സർവെ എന്നിവ പൂർത്തീകരിച്ചു. ഗോഡൗൺ നിർമ്മാണത്തിനായി റീ-ഇ-ടെണ്ടർ 06.03.2019-ൽ തുറക്കുകയും നിരക്കുകൾ സംബന്ധിച്ച PMC -യുടെ അന്തിമ വിശകലനത്തിനു ശേഷം കുറഞ്ഞ നിരക്ക് (5.49 കോടി) രേഖപ്പെടുത്തിയ M/s Lee Builders-നെ നെഗോസിയേഷന് ക്ഷണിക്കുകയും നിരക്കുകൾ കുറച്ച് 5.46 കോടി രൂപയ്ക്ക് ടി പ്രവർത്തികൾ ഏറ്റെടുക്കുന്നതിന് സന്നദ്ധരാകുകയും ചെയ്തിട്ടുണ്ട്. വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| തിരുവല്ല - 1 | വർക്ക് ഓർഡർ നൽകി. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. land filing പൂർത്തീകരിച്ചു. Piling ആരംഭിച്ചു. |
| ഇടപ്പള്ളി | സോയിൽ ടെസ്റ്റിംഗ്, ടോപ്പോഗ്രഫിക്കൽ സർവ്വേ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. റെയിൽവേയുമായി റോഡിനുള്ള അനുമതി പരിഹരിക്കേണ്ടതുണ്ട്. |
| കൊച്ചി | M/s HITES നെ PMC ആയി നിയമിച്ചു. Topographical and Contour Survery പൂർത്തീകരിച്ചു. |

| | |
|---|---|
| തിരുവല്ല - 2 | M/s HITES നെ PMC ആയി നിയമിച്ചു. 21.03.2019-ൽ നടത്തിയ ടെണ്ടറിൽ ഒരാൾ മാത്രമാണ് പങ്കെടുത്തത്. റീ-ടെണ്ടർ ചെയ്തിട്ടുണ്ട്. |
| വലിയതുറ - 1 | വലിയതുറയിലെ പുതിയ ഗോഡൗണിന്റെ പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഭക്ഷ്യ സാധനങ്ങൾ സ്റ്റോക്ക് ചെയ്യുന്നതിന് പകരം നടപടിക്രമം ഏർപ്പെടുത്തിയതിന് ശേഷം മാത്രമേ ഗോഡൗൺ നം. 1 നവീകരണത്തിന് വർക്ക് ടെണ്ടർ ചെയ്യുവാൻ സാധ്യമാകൂ. |

**സെക്ഷൻ ഓഫീസർ**